# COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail: admin@cochindevaswomboard.org


No. M4. 7353/2025 Dated: 17/06/2025

## പരസ്യം

### ചോറ്റാനിക്കര ക്ഷേത്രം മേൽശാന്തി നിയമനം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 1201-ാം ആണ്ട് ചിങ്ങം 1 മുതൽ കർക്കിടകം 31 വരെയുള്ള ഒരു വർഷക്കാലം മേൽക്കാവിൽ മേൽശാന്തി, കീഴ്ശാന്തി തസ്തികയിലേക്കും, കീഴ്ക്കാവ്, ശിവൻ, ശാസ്താവ് എന്നീ ക്ഷേത്രങ്ങളിലേക്കും, മേൽശാന്തിമാരെ നിയമിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിലെ A, B, C ഗ്രേഡ് ക്ഷേത്രങ്ങളിൽ ജോലി ചെയ്തു വരുന്ന സ്ഥിരം ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

മേൽക്കാവിലെ മേൽശാന്തി തസ്തികയിലുള്ള അപേക്ഷകർ 45 വയസ്സ് തികഞ്ഞവരും, കൊച്ചിൻ ദേവസ്വം ബോർഡിൽ 15 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും, കീഴ്ക്കാവ്, ശിവൻ, ശാസ്താവ് നടയിലേയ്ക്കുള്ള അപേക്ഷകർ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും ആയിരിക്കണം. കഴിഞ്ഞ പത്തു വർഷത്തിനിടെ എന്തെങ്കിലും ശിക്ഷാ നടപടികൾക്ക് വിധേയരായവരുടേയോ, ഇപ്പോൾ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നവരുടേയോ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എല്ലാ അപേക്ഷകരും കൊച്ചിൻ ദേവസ്വം ബോർഡ് നടത്തുന്ന സ്ക്രീനിംഗിൽ പങ്കെടുക്കേണ്ടതും, സ്ക്രീനിംഗിൽ യോഗ്യത നേടിയവരെ ഉൾപ്പെടുത്തി നറുക്കെടുത്ത് മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതുമാണ്. മേൽക്കാവ് മേൽശാന്തി തസ്തികയിലേക്ക് തിരഞ്ഞെടുപ്പിന് ആദ്യ പരിഗണന 'A' ഗ്രേഡ് ശാന്തിക്കാർക്കായിരിക്കും. 'A' ഗ്രേഡ് ശാന്തിക്കാരെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ 'B' ഗ്രേഡ് ശാന്തിക്കാരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളൂ. 'A', 'B' ഗ്രേഡ് ശാന്തിക്കാരെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ 'C' ഗ്രേഡ് ശാന്തിക്കാരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളൂ. മേൽക്കാവിലേയ്ക്ക് ശാന്തിയായി 2 പേരെയാണ്

തിരഞ്ഞെടുക്കുക. ഒരാൾ മേൽശാന്തിയായും, മറ്റൊരാൾ കീഴ്ശാന്തിയായും ഒന്നിടവിട്ട മാസങ്ങളിൽ പ്രവർത്തിക്കേണ്ടതാണ്. ആദ്യം നറുക്കെടുക്കുന്ന ആൾ ആദ്യമാസം മേൽശാന്തിയായി ചുമതലയേൽക്കേണ്ടതാണ്. മേൽക്കാവ് ശാന്തിക്കാരെ പുറപ്പെടാശാന്തിയായി കണക്കാക്കുന്നതാണ്. ടി നിയമനം ബഹു:ഹൈക്കോടതി മുമ്പാകെ നിലവിലുള്ള WP(C).21301/15 നമ്പർ കേസ്സിന്റെ വിധിക്ക് വിധേയമായിരിക്കും.

കീഴ്ക്കാവ്, ശിവൻ, ശാസ്താവ് ക്ഷേത്രത്തിലേയ്ക്കുള്ള ശാന്തിക്കാരുടെ തസ്തികയിലേക്ക് സ്ക്രീനിംഗിൽ യോഗ്യത നേടിയവരിൽ നിന്നും നറുക്കെടുത്താണ് ശാന്തിക്കാരെ നിയമിക്കുക. അപേക്ഷകർ വെള്ളകടലാസിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ഇപ്പോൾ ജോലി ചെയ്യുന്ന ഗ്രൂപ്പിലെ അസിസ്റ്റന്റ് കമ്മീഷണർ, ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ ജൂനിയർ ദേവസ്വം ഓഫീസറുടെ പക്കൽ നിന്നും സാക്ഷ്യപത്രം സഹിതം സെക്രട്ടറി, കൊച്ചിൻ ദേവസ്വം ബോർഡ്, റൗണ്ട് നോർത്ത്, തൃശ്ശൂർ - 1 എന്ന വിലാസത്തിൽ 2025 ജൂൺ 28 ന് 5 PM ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

കൊച്ചിൻ ദേവസ്വം ബോർഡ്

പകർപ്പ്

എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർക്കും

കരുതൽ ഫയൽ, ഫയൽ പകർപ്പ്